മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2020 ജൂൺ 5

# വാർത്താക്കുറിപ്പ്

## ഫലവൃക്ഷത്തൈകൾ നട്ടും 'ട്രീ ചലഞ്ച്' ഏറ്റെടുത്തും എം.ജി.യിൽ പരിസ്ഥിതി ദിനാഘോഷം

ലോകപരിസ്ഥിതി ദിനാഘോഷത്തോടനുബന്ധിച്ച് മഹാത്മാഗാന്ധി സർവകലാശാല കാമ്പസിൽ ഫലവൃക്ഷത്തൈകൾ നട്ടു. സർവകലാശാല കാമ്പസിലെ സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസ് അങ്കണത്തിൽ പ്ലാവ് നട്ട് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു.

പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, ഡോ. എ. ജോസ്, രജിസ്ട്രാർ പ്രൊഫ. ബി. പ്രകാശ്കുമാർ, പരീക്ഷ കൺട്രോളർ ഡോ.സി.എം. ശ്രീജിത്, ഫിനാൻസ് ഓഫീസർ ബിജു മാത്യു, സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസ് ഡയറക്ടർ പ്രൊഫ. എ. മിനിക്കുട്ടി, ജീവനക്കാരുടെ സംഘടന പ്രതിനിധികളായ ജെ. ലേഖ, വി.പി. മജീദ്, ആഷിക് എം. കമാൽ, ജോസ് മാത്യു, വി.കെ. അനന്തകൃഷ്ണൻ, പി.കെ. രമേശ് കുമാർ, കെ.ജി. ഷാജി, സോണി, പി.ആർ.ഒ. എ. അരുൺ കുമാർ, എസ്റ്റേറ്റ് ഓഫീസർ ആർ. വെങ്കിടേശ്വരൻ, അധ്യാപകർ, ജീവനക്കാർ എന്നിവരും ഫലവൃക്ഷത്തൈകൾ നട്ട് ദിനാഘോഷത്തിൽ പങ്കാളികളായി. കാമ്പസിന്റെ വിവിധ ഭാഗങ്ങളിൽ വൃക്ഷത്തൈകൾ നട്ടു.

പരിസ്ഥിതി ദിനാഘോഷത്തോടനുബന്ധിച്ച് സർവകലാശാലയിലെ പരിസ്ഥിതി പഠനവകുപ്പ് 'ട്രീ ചലഞ്ച്' സംഘടിപ്പിച്ചു. വിദ്യാർഥികൾ വീട്ടുകളിൽ മരങ്ങൾ നട്ടാണ് ചലഞ്ച് ഏറ്റെടുത്തത്. ഒരാൾ അഞ്ചു മരം നട്ടശേഷം ഫോട്ടോ സാമൂഹികമാധ്യമങ്ങളിൽ പ്രദർശിപ്പിച്ചാണ് മറ്റുള്ളവരെ മരം നടുന്നതിന് ചലഞ്ച് ചെയ്യുന്നത്. 107 പേർ ചലഞ്ചിൽ പങ്കാളികളായി. ട്രീ ചലഞ്ച് തുടരുമെന്ന് അധ്യാപകരായ ഡോ. വി.പി. സൈലസും ഡോ. മഹേഷ് മോഹനും പറഞ്ഞു.

### ഫോട്ടോകാപ്ഷൻ

**ലോകപരിസ്ഥിതി ദിനാഘോഷം മഹാത്മാഗാന്ധി സർവകലാശാല കാമ്പസിലെ സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിൽ പ്ലാവ് നട്ട് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.**

(പി.ആർ.ഒ/39/534/2020)

## പുതുക്കിയ പരീക്ഷ തീയതി

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജ് ഓഫ് മ്യൂസിക്-ഫൈനാർട്സിൽ മാർച്ച് 16 മുതൽ നടത്താനിരുന്ന ഒന്നാംവർഷ, അവസാന വർഷ ബി.എഫ്.എ. പരീക്ഷകൾ യഥാക്രമം ജൂൺ ഒമ്പത്, ജൂൺ 26 തീയതിൽ ആരംഭിക്കുന്നതിന് പുനക്രമീകരിച്ചു. ഒന്നാംവർഷ പരീക്ഷകൾ ജൂൺ 9, 10 തീയതികളിലും അവസാന വർഷ പെയിന്റിങ് സ്കൾപ്ച്ചർ പരീക്ഷകൾ ജൂൺ 26, 29, 30 തീയതികളിലും അവസാനവർഷ അപ്ലൈഡ് ആർട്ട് പരീക്ഷകൾ ജൂൺ 26, 29 തീയതികളിലും നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ

(പി.ആർ.ഒ/39/535/2020)

## അഞ്ചാം സെമസ്റ്റർ ബിരുദ
## പ്രൈവറ്റ് പരീക്ഷ കേന്ദ്രം

ജൂൺ എട്ടുമുതൽ ആരംഭിക്കുന്ന മഹാത്മാഗാന്ധി സർവകലാശാല അഞ്ചാം സെമസ്റ്റർ ബിരുദ പ്രൈവറ്റ് പരീക്ഷയെഴുതുന്ന വിദ്യാർഥികൾ (കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പരീക്ഷ കേന്ദ്രം മാറ്റുന്നതിന് അപേക്ഷിച്ചവരടക്കം) ആറാം സെമസ്റ്റർ പരീക്ഷയെഴുതിയ സെന്ററുകളിൽ തന്നെ പരീക്ഷയ്ക്ക് ഹാജരാകണമെന്ന് പരീക്ഷ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ/39/536/2020)

## പരീക്ഷഫലം

2019 ജൂണിൽ നടന്ന എം.എസ് സി. ബോട്ടണി രണ്ടാം സെമസ്റ്റർ (സി.എസ്.എസ്.-റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/537/2020)

2019 ജൂണിൽ നടന്ന എം.എ. തമിഴ് രണ്ടാം സെമസ്റ്റർ (സി.എസ്.എസ്. റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 15 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/538/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ